"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വനിതാശിശുവികസന വകുപ്പ്- കേരള വനിതാ കമ്മീഷൻ- ജീവനക്കാര്യം- ശ്രീ. ജിബിൻ ആർ. എൻ, അസിസ്റ്റന്റിന്റെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.21/2026/WCDD    തീയതി,തിരുവനന്തപുരം, 12-01-2026

---

പരാമർശം:-
1. സ.ഉ(സാധാ)നം. 158/2021/വശിവിവ, തീയതി. 18/12/2021
2. സ.ഉ(സാധാ)നം. 73/2023/വശിവിവ, തീയതി. 06/02/2023
3. സ. ഉ(സാധാ)നം. 618/2023/വശിവിവ, തീയതി. 29/11/2023
4. സ. ഉ(സാധാ)നം. 11/2025/വശിവിവ, തീയതി. 09/01/2025
5. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ കത്ത് നം. A3/2195/2021/KWC, തീയതി. 13/11/2025

**<u>ഉത്തരവ്</u>**

കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ അസിസ്റ്റന്റായി ജോലി ചെയ്തു വരവെ പരാമർശം (1) പ്രകാരം ശ്രീ. ജിബിൻ ആർ. എൻ-നെ കേരള വനിതാ കമ്മീഷനിൽ അസിസ്റ്റന്റ് തസ്തികയിൽ അന്യത്രസേവന വ്യവസ്ഥയിൽ നിയമിക്കുകയുണ്ടായി. പ്രസ്തുത അന്യത്രസേവന കാലാവധി പരാമർശം (2), (3), (4) എന്നിവ പ്രകാരം ഓരോ വർഷങ്ങളിൽ ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ്. തന്റെ അന്യത്രസേവന കാലാവധി 31/12/2025-ന് അവസാനിക്കുന്ന സാഹചര്യത്തിൽ ആയത് 01/01/2026 മുതൽ ഒരു വർഷത്തേക്കു കൂടി ദീർഘിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ജിബിൻ ആർ. എൻ സമർപ്പിച്ച അപേക്ഷ ശിപാർശ ചെയ്തുകൊണ്ട് പ്രസ്തുത വ്യക്തിയുടെ മാതൃവകുപ്പിൽ നിന്നുമുള്ള നിരാക്ഷേപപത്രം സഹിതം പരാമർശം (5) പ്രകാരം സർക്കാർ അനുമതിയ്ക്കായി കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറി ലഭ്യമാക്കിയിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള വനിതാ കമ്മീഷൻ മെമ്പർ സെക്രട്ടറിയുടെ ശിപാർശ പരിഗണിച്ച് അന്യത്രസേവന വ്യവസ്ഥയുടെ പതിവ് നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി കേരള വനിതാ കമ്മീഷനിലെ

അസിസ്റ്റന്റ് ശ്രീ. ജിബിൻ ആർ. എൻ-ന്റെ കമ്മീഷനിലെ അന്യത്രസേവന കാലാവധി **01/01/2026** മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**MANOJ M S**

അണ്ടർ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ, തിരുവനന്തപുരം

രജിസ്ട്രാർ, കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല, എറണാകുളം

(കത്ത് നം. **04280/ADB1/SSUS/2025 (1)** തീയതി. **05/11/2025** പ്രകാരം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

ശ്രീ. ജിബിൻ ആർ. എൻ, അസിസ്റ്റന്റ് **(on deputation)**, കേരള വനിതാ കമ്മീഷൻ

(മെമ്പർ സെക്രട്ടറി, കേരള വനിതാ കമ്മീഷൻ മുഖേന)

വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Sithara Vijayan

Date: 12-01-2026 13:42:01